56 (348) കെ.എസ്.ആർ.ടി.സി.യുടെ ആധുനികവൽക്കരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ ആധുനികവൽക്കരിക്കാനുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ബസ്സുകളുടെ ബോഡി നിർമ്മാണത്തിൽ പരമ്പരാഗതമായി തടിയേയും തകിടിനേയും ആശ്രയിച്ചു വരുന്നതവസാനിപ്പിച്ച് അലുമിനിയവും ഗ്ലാസ്സും ഫൈബറുമുപയോഗിച്ചുള്ള ബോഡി നിർമ്മാണത്തിന് പ്രാമുഖ്യം നൽകുമോ;

(സി) കോർപ്പറേഷന്റെ കാര്യക്ഷമതയും സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. യെ ആധുനിക വൽക്കരിക്കുന്നതിനായി വിവിധ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി വർക്ക് ഷോപ്പുകളിൽ പുതിയ തരത്തിലുള്ള ഉപകരണങ്ങൾ സ്ഥാപിച്ച് തുടങ്ങി. ഇതുമൂലം വർക്ക്ഷോപ്പു ജോലികൾ എളുപ്പമുള്ളതാക്കുവാൻ കഴിയുന്നുണ്ട്. തിരുവനന്തപുരം സെൻട്രൽ പോലുള്ള ബസ് സ്റ്റേഷനുകൾ മാതൃകാസ്റ്റേഷനാക്കുവാൻ തീരുമാനിച്ചു. തമ്പാനൂരിൽ ഇതു സംബന്ധമായ ജോലികൾ തുടങ്ങിക്കഴിഞ്ഞു. സർവ്വീസ് ഓപ്പറേഷൻ കൂടുതൽ ശാസ്ത്രീയമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടുതൽ ലക്ഷ്വറി സർവ്വീസുകൾ ഓടിച്ചു തുടങ്ങിയിട്ടുണ്ട്. ഇതിനായി ഹൈടെക് ബസുകൾ വാങ്ങുന്നതിനുള്ള ചില നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. യൂണിറ്റുകളെ കമ്പ്യൂട്ടർവൽക്കരിക്കുവാനും ചീഫ് ഓഫീസിലുള്ള കമ്പ്യൂട്ടർ സെന്ററുമായി ബന്ധിപ്പിക്കുവാനും തീരുമാനിച്ചു. ഇതനുസരിച്ച് മൂന്നു യൂണിറ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ച് ചീഫ് ഓഫീസുമായി ബന്ധിപ്പിച്ചു കഴിഞ്ഞു. കോർപ്പറേഷന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനനുസരിച്ച് മാത്രമേ ആധുനികവൽക്കരണം പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഇതിന് കൂടുതൽ ചെലവുണ്ടാകും. കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക നില ഇതിനനുവദിക്കുന്നില്ല.

(സി) നിലവിലുണ്ട്.

57 (349) കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. എ. കണാരൻ :
ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. രാഘവൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞ മൂന്നു വർഷക്കാലമായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഫലമായി വരുമാനം എത്ര ശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) 1998 മേയ്മാസം വരെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം എത്ര ആയിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) 1999 മേയ്മാസം വരെയുള്ള കെ.എസ്.ആർ.ടി.സി.യുടെ വരുമാനം എത്രയായിരുന്നുവെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) മുൻകാലങ്ങളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ വർദ്ധനവിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകളെ തരംതിരിച്ച് വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകളെ കൃത്യനിഷ്ഠയോടെ ഓപ്പറേറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വരുമാനം കുറഞ്ഞ സർവ്വീസുകളുടെ സമയവും റൂട്ടും പരിഷ്കരിച്ച് വരുമാനം കൂടുതൽ ലഭിക്കുന്ന തരത്തിലാണ് ഓപ്പറേറ്റ് ചെയ്യുന്നത്. വരുമാനം കുറഞ്ഞ സർവ്വീസുകളെ വരുമാനം കൂടുതൽ ലഭിക്കുന്ന തരത്തിൽ പുനരാവിഷ്ക്കരിക്കാൻ നടപടിയെടുത്തിട്ടുണ്ട്. വരുമാന ചോർച്ച തടയുന്നതിന് ലൈൻ ഇൻസ്പെക്ഷൻ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കി, നാഷണൽഹൈവേ, എം.സി. റോഡ് എന്നിവയിലൂടെ കൂടുതലായി ദീർഘ ദൂര സർവ്വീസുകൾ ഏർപ്പെടുത്തി.

(ബി) 1996 ജൂൺ മാസത്തിൽ ശരാശരി പ്രതിദിന വരുമാനം 82.83 ലക്ഷം രൂപയായിരുന്നത് 1999 ജൂൺ മാസമായപ്പോഴേക്കും പ്രതിദിനം ശരാശരി 116 ലക്ഷം രൂപയോളമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

(സി) 1998 ജനുവരി മുതൽ മേയ്മാസം 31 വരെ ടിക്കറ്റു വിറ്റുവരവ് 163,85,60,306/- രൂപയായിരുന്നു.

(ഡി) (1999 ജനുവരി മുതൽ മേയ് മാസം 31 വരെ ടിക്കറ്റു വിറ്റുവരവ് 177,34,81,430/- രൂപയാണ്.)

(ഇ) ഉണ്ട്.

(എഫ്) കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. പഴയ ബസുകൾ പിൻവലിച്ച് പുതിയവ നിരത്തിലിറക്കി. ഉയർന്ന വരുമാനം ലഭിക്കുന്ന സർവ്വീസുകളും, ദേശവൽകൃത മേഖലയിലുള്ള സർവ്വീസുകളും മുടക്കം കൂടാതെ ഓടിക്കുവാൻ നടപടിയെടുത്തു. ലാഭകരമല്ലാത്ത സർവ്വീസുകൾ തിരക്കുള്ള സമയത്തും റൂട്ടിലും പുനഃക്രമീകരണം നടത്തി ഓടിച്ചുവരുന്നു. ദേശവൽകൃത മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകി കൂടുതൽ സർവ്വീസുകൾ നടത്തുന്നു. വരുമാനച്ചോർച്ച നിയന്ത്രിക്കുന്നതിന് ചെക്കിംഗ് വിഭാഗം ശക്തമാക്കി. ഇതിനെല്ലാം ഉപരി ജീവനക്കാരുടെ അർപ്പണ ബോധവും സഹകരണവും ഇതിന് കാരണമായി.

LIBRARY ARCHIVES Kerala Legislative Assembly